പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4446 28.06.2012 - ൽ മറുപടിക്ക്**

## സിവിൽ സപ്ലൈസ് പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പെട്രോൾ പമ്പുകളിലെ ജീവനക്കാരിൽ 16 മണിക്കൂർ ജോലി ചെയ്യുന്നവർക്ക് 2 ഷിഫ്റ്റും 24 മണിക്കൂർ ജോലി ചെയ്യുന്നവർക്ക് 3 ഷിഫ്റ്റും ആക്കി മാറ്റിയിട്ടുണ്ടോ; | എ) | സപ്ലൈകോയുടെ പെട്രോൾ ബങ്കുകൾ 16 മണിക്കൂർ പ്രവർത്തിക്കുന്ന ഇടങ്ങളിൽ 2 ഷിഫ്റ്റും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഇടങ്ങളിൽ 3 ഷിഫ്റ്റുമാണ് നിലവിലുളളത്. |
| ബി) | ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ ജീവനക്കാർക്ക് സർക്കാർ അവധികൾ ബാധകമാക്കിയിട്ടുണ്ടോ; | ബി) | പെട്രോൾ പമ്പുകൾക്ക് അവധി ബാധകമാക്കിയിട്ടില്ല. അവശ്യ സർവീസ് ആയതിനാലും ബിസിനസ് സംബന്ധമായ പരിഗണനകളാലും ഇടതടവില്ലാതെ പ്രവർത്തിക്കേണ്ടത് അനിവാര്യമായതിനാൽ അവധി ദിവസം ജോലി ചെയ്യുന്ന ജീവനക്കാർക്ക് തുടർന്നുളള മറ്റൊരു ദിവസം അവധി അനുവദിക്കുന്നതാണ്. |
| സി) | ബാധകമാക്കിയിട്ടില്ലെങ്കിൽ ഇവർക്ക് ഹോളിഡേ വേജസ് കൊടുത്തിട്ടുണ്ടോ; | സി) & ഡി) | സാധാരണയായി ആവശ്യത്തിന് ജീവനക്കാരുളള പമ്പുകളിൽ തുടർന്നുളള ദിവസങ്ങളിൽ, അവധിദിവസം ഡ്യൂട്ടി ചെയ്ത ജീവനക്കാർക്ക് അവധി നൽകുന്നതിനാൽ ഹോളിഡേ വേജസ് നൽകാറില്ല. എന്നാൽ ജീവനക്കാർ ആവശ്യത്തിന് ഇല്ലാത്ത പമ്പുകളിൽ തുടർന്നുളള ദിവസങ്ങളിൽ അവധി നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഹോളിഡേ വേജസ് കൊടുക്കുന്നുണ്ട്. |
| ഡി) | കൊടുത്തിട്ടില്ലെങ്കിൽ ആയതിൻെറ കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.